KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.162/PR/PIC/PHQ/18 Date : 30.06.2018

## എസ്.പി. മാർക്ക് യാത്രയയപ്പ് നൽകി

സർവ്വീസിൽ നിന്ന് വിരമിക്കുന്ന പി.എൻ. ഉണ്ണിരാജൻ (ക്രൈംബ്രാഞ്ച് എസ്.പി. ഒ.സി.ഡബ്ല്യു II, എറണാകുളം ), എ ആർ പ്രേംകുമാർ (കൊച്ചി സിറ്റി ഡി സി പി - ക്രൈം & അഡ്മിൻ) എന്നീ എസ്.പി. മാർക്ക് കേരള പോലീസ് ആസ്ഥാനത്ത് ഹൃദ്യമായ യാത്രയയപ്പ് നൽകി. ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ, ഫയർ ഫോഴ്സ് മേധാവി എ. ഹേമചന്ദ്രൻ, വിജിലൻസ് ഡയറക്ടർ മുഹമ്മദ് യാസിൻ, ജയിൽ മേധാവി ആർ. ശ്രീലേഖ, കെ.എസ്.ആർ.ടി.സി. എം.ഡി. ടോമിൻ തച്ചങ്കരി, എ.ഡി.ജി.പി.മാരായ ഡോ ബി.സന്ധ്യ, അനിൽ കാന്ത്, നിതിൻ അഗർവാൾ, എസ്.ആനന്ദകൃഷ്ണൻ, ഡോ.ഷേയ്ക്ക് ദർവേഷ് സാഹിബ്, ഡോ റ്റി.കെ. വിനോദ് കുമാർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്തു.

37 വർഷത്തെ സേവനത്തിനുശേഷം വിരമിക്കുന്ന പി.എൻ. ഉണ്ണിരാജൻ 1981 ൽ സബ് ഇൻസ്പെക്ടറാ യാണ് സർവിസ് ജീവിതം ആരംഭിക്കുന്നത്. വിവിധ ജില്ലകളിൽ സബ്ബ് ഇൻസ്പെക്ടർ, സർക്കിൾ ഇൻസ്പെക്ടർ, തുടങ്ങിയ ചുമതലകൾ വഹിച്ചശേഷം 2001 ൽ ഡെപ്യൂട്ടി സൂപ്രണ്ടായി വിവിധ സബ്ബ് ഡിവിഷനുകളിലും സ്പെഷ്യൽ ബ്രാഞ്ച് , വിജിലൻസ് എന്നീ യൂണിറ്റുകളിലും പ്രവർത്തിച്ചിരുന്നു. 2010 ൽ സൂപ്രണ്ട് ഓഫ് പോലീസ് ആയി സ്ഥാനക്കയറ്റം ലഭിച്ചു. തുടർന്ന് കേരള പോലീസ് അക്കാദമി, ക്രൈംബ്രാഞ്ച്(STATS), സ്പെഷ്യൽ ബ്രാഞ്ച് (ഇന്റേണൽ സെക്യൂരിറ്റി) എന്നിവിടങ്ങളിലും ജോലി ചെയ്തിട്ടുണ്ട്. 2013 ൽ ഐ പി എസ് സെലക്ഷനും ലഭിച്ചു. തുടർന്ന് കണ്ണൂർ, എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയായും ക്രൈംബ്രാഞ്ച്(STATS) എസ് പി ആയും നിലവിൽ ക്രൈംബ്രാഞ്ച് എസ്.പി. (ഒ.സി.ഡബ്ല്യു II, എറണാകുളം) ജോലിനോക്കി വരുകയാണ്. 2007 -ൽ സ്തുത്യർഹസേവനത്തിന് രാഷ്ട്രപതിയുടെ പോലീസ് മെഡലും ഉൾപ്പെടെ വിവിധ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

30 വർഷത്തെ സേവനത്തിനുശേഷം വിരമിക്കുന്ന എ.ആർ പ്രേംകുമാർ 1988 മുതൽ അസിസ്റ്റന്റ് സബ്ബ് ഇൻസ്പെക്ടറായി സർവ്വീസിൽ പ്രവേശിച്ചു. 1993 ൽ സബ്ബ് ഇൻസ്പെക്ടറായി സ്ഥാനക്കയറ്റം ലഭിക്കുകയും തുടർന്ന് കോട്ടയം, എറണാകുളം ജില്ലകളിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ ആയും തുടർന്ന് സർക്കിൾ ഇൻസ്പെക്ടറായി വിജിലൻസ്(എറണാകുളം), ക്രൈംബ്രാഞ്ച്, സ്പെഷ്യൽ ബ്രാഞ്ച് എന്നീ യൂണി റ്റുകളിലും, ഡിവൈ.എസ്.പി യായി ക്രൈംബ്രാഞ്ച്, കൊച്ചി സിറ്റി ട്രാഫിക് അസിസ്റ്റന്റ് കമ്മീഷണർ, ഡി.സി. ആർ.ബി. വയനാട്, മാനന്തവാടി എന്നിവിടങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. 2015 ൽ എസ് പി യായി സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്ന് സ്പെഷ്യൽ സെൽ എസ് പി, ആയും സേവനം അനുഷ്ഠിച്ചു. നിലവിൽ കൊച്ചി സിറ്റി ഡി.സി.പി.(ക്രൈം & അഡ്മിൻ) ആയി സേവനം അനുഷ്ഠിച്ചുവരുന്നു. സ്തുത്യർഹസേവനത്തിന് മുഖ്യമ ന്ത്രിയുടെ പോലീസ് മെഡലും ഉൾപ്പെടെ വിവിധ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

**ഫോട്ടോ ക്യാപ്ഷൻ :** സർവ്വീസിൽ നിന്ന് വിരമിക്കുന്ന എസ്.പി. പി.എൻ ഉണ്ണിരാജന് സംസ്ഥാന പോലീസ് മേധാവി പോലീസ് ആസ്ഥാനത്തു നടന്ന ചടങ്ങിൽ ഉപഹാരം നൽകുന്നു, സർവ്വീസിൽ നിന്ന് വിരമിക്കുന്ന എസ്.പി. എ.ആർ. പ്രേംകുമാർ സമീപം.

*********